# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്ഷേമത്തിനായി പദ്ധതി</u>

2287 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ക്ഷേമത്തിനായി ഈ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ വിശദമാക്കാമോ;

(ബി) ഈ വിഭാഗത്തിന് മുൻകാലങ്ങളിൽ കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

നൂറുദിന കർമ്മപരിപാടിയും ഭൂമി നൽകലും

2288 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മപരിപാടിയിലുൾപ്പെടുത്തി എത്ര ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഭൂമി ലഭിക്കാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ആദിവാസി ഭൂപ്രശ്നങ്ങള്‍ക്ക് ശാശ്വത പരിഹാരം

2289 ശ്രീ. റോഷി അഗസ്റ്റിന്‍
,, പി. സി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആദിവാസികളുടെ ഭൂമിപ്രശ്നം പരിഹരിക്കുന്നിന് എന്തെല്ലാം നടപടികള്‍ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര വനാവകാശ നിയമപ്രകാരം ആദിവാസികള്‍ക്ക് ഭൂമി നല്‍കുന്നതിനുള്ള സര്‍വ്വേ എത്ര ശതമാനം പൂര്‍ത്തീകരിച്ചു; ആയതിന്റെ പുരോഗതി അറിയിക്കുമോ;

(സി) ആദിവാസികള്‍ക്ക് ഭൂമി നല്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ - വനം വകുപ്പുകള്‍ക്കിടയില്‍ തര്‍ക്കങ്ങള്‍ നിലനില്‍ക്കുന്നുണ്ടോ;

(ഡി) ആദിവാസി ഭൂപ്രശ്നങ്ങള്‍ക്ക് ശാശ്വത പരിഹാരം സമയബന്ധിതമായി നടപ്പാക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ഭൂമി അനുവദിച്ചു കിട്ടുന്നതിനുള്ള മാനദണ്ഡം

2290 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിഭാഗത്തിന് ഭൂമി അനുവദിച്ചു കിട്ടുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

പരിയാരം മെഡിക്കൽ കോളേജിലെ പട്ടിക വർഗ്ഗ രോഗികളുടെ ചികിത്സ

2291 ശ്രീ. റ്റി. വി.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജിൽ ചികിത്സ തേടിയെത്തുന്ന പട്ടിക വർഗ്ഗക്കാരായ രോഗികളുടെ ചികിത്സാചെലവ് അനുവദിക്കണമെങ്കിൽ എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടത്:

(ബി) ഇത് പാവപ്പെട്ട പട്ടികവർഗ്ഗക്കാരുടെ ചികിത്സ നിഷേധിക്കുന്നതിനും ചികിത്സ വൈകുന്നതിനും ഇടയാക്കുന്ന കാര്യം ശ്രദ്ധയിൽപ്പട്ടീട്ടുണ്ടോ;

(സി) പഴയതുപോലെ രോഗികൾക്ക് ചികിത്സ നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

പരിയാരം മെഡിക്കൽ കോളേജിൽ പട്ടികവർഗ്ഗ
വിഭാഗങ്ങൾക്കായുള്ള ചികിത്സാ സൗകര്യം

2292 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിച്ചിരുന്ന ചികിത്സാ സൗകര്യം ഇപ്പോൾ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ ;

(സി) ചികിത്സാ സൗകര്യങ്ങൾ പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ആദിവാസികൾക്ക് ചികിത്സാകാർഡുകൾ ലഭ്യമാക്കുവാൻ നടപടി

2293 ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഴുവൻ ആദിവാസികളെയും സൗജന്യമെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) എത്ര ആദിവാസികൾക്ക് ഇതുവരെ ചികിത്സാകാർഡുകൾ വിതരണം നടത്തിയിട്ടുണ്ട് ; മുഴുവൻ പേർക്കും ചികിത്സാകാർഡുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ആദിവാസി വിഭാഗങ്ങൾക്ക് സൗജന്യ ചികിത്സാ പദ്ധതികൾ

2294 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി ജനവിഭാഗങ്ങൾക്ക് നിലവിലുള്ള സൗജന്യ ചികിത്സാ സഹായ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇപ്പോൾ തുടർന്നു വരുന്ന ചികിത്സാ സഹായ പദ്ധതിയിൽ പുതുതായി കൊണ്ടുവന്നിട്ടുള്ള ഉപാധികൾ മൂലം അവർക്ക് ചികിത്സാ സൗജന്യം ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സൗജന്യ ചികിത്സാ സഹായ പദ്ധതിയിൽ നിന്ന് ഇപ്പോൾ ഒഴിവാക്കിയിട്ടുള്ള ആശുപത്രികൾ ഏതൊക്കെയാണ്;

(ഡി) പ്രസ്തുത ആശുപത്രികളിൽ ചികിത്സാ സഹായ പദ്ധതികൾ പുനരാരംഭിക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ ഫണ്ട് വിനിയോഗം</u>

2295 ശ്രീ. വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിനായി ചെലവിടുന്ന പണം, അവരിൽ എത്തുന്നു എന്ന് ഉറപ്പാക്കുന്നതിന് എന്തു സംവിധാനമാണ് നിലവിലുള്ളത്;

(ബി) നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനം ഇതിന് അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് ഫണ്ട് വിനിയോഗം ഉറപ്പുവരുത്താനുള്ള പ്രത്യേക സംവിധാനത്തിന് രൂപം നൽകുമോ;

(ഡി) ഇതിനായി എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് ഉദ്യോഗസ്ഥ തലങ്ങളിൽ വരുത്താനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>മതിയായ കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിന് നടപടി</u>

2296 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോർപസ് ഫണ്ട് അനുവദിക്കാത്തതുമൂലം ആദിവാസി കോളനികളിലേക്കുള്ള റോഡുകളുടെ പണി നിശ്ചലമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആവശ്യത്തിന് കോർപ്പസ് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ത്രിതല പഞ്ചായത്തുകൾ ആദിവാസി മേഖലകളിലെ റോഡ് പണിക്ക് പണം അനുവദിക്കാത്ത സാഹചര്യമെന്തെന്ന് വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പ്രാക്തന ഗോത്ര വർഗ്ഗങ്ങളുടെ വിശദാംശങ്ങൾ</u>

2297 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ജനവിഭാഗങ്ങൾ ഏതെല്ലാമെന്നും, അവരുടെ ആവാസകേന്ദ്രങ്ങൾ എവിടെയെല്ലാമെന്നും ഓരോ വിഭാഗത്തിലും ജനസംഖ്യ എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പ്രാക്തന ഗോത്രവർഗ്ഗവിഭാഗങ്ങൾക്കായി കരകൗശല വസ്തുക്കളുടെ നിർമ്മാണ വിപണന സംവിധാനം</u>

2298 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാക്തന ഗോത്രവർഗ്ഗ ജനവിഭാഗങ്ങളുടേതു മാത്രമായ പരമ്പരാഗത കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനും വിപനണത്തിനും ആവശ്യമായ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരം കേന്ദ്രം സ്ഥാപിക്കുന്നതിനും അതിനാവശ്യമായ നിർമ്മാണ സാമഗ്രികൾ ശേഖരിച്ചു നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സ്ഥിതി</u>
<u>വിവരക്കണക്കുകൾ</u>

2299 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010 ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) സെൻസസ് പ്രകാരം പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ സ്ഥിതിവിവരക്കണക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>വീട് അറ്റകുറ്റപ്പണി ചെയ്യുന്നതിനുള്ള സഹായം</u>

2300 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിഭാഗത്തിന് വീടിനും വീട് അറ്റകുറ്റപ്പണിചെയ്യുന്നതിനും എന്തു തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

സുപ്രീം കോടതിവിധി പ്രകാരം ഭൂമി
വിതരണം നടത്തുന്നതിന്
നടപടി

2301 ശ്രീ. എ. കെ. ബാലൻ
,, ബി. ഡി. ദേവസ്സി
,, ജെയിംസ് മാത്യു
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതിവിധി പ്രകാരം ആദിവാസികൾക്ക് വിതരണം നടത്തുന്നതിനായി എത്ര ഹെക്ടർ വനഭൂമി ലഭ്യമായിട്ടുണ്ടെന്നും ഏതെല്ലാം ജില്ലകളിലാണ് ഇപ്രകാരം ഭൂമി കണ്ടെത്തിയിട്ടുള്ളത് എന്നും വ്യക്തമാക്കുമോ ;

(ബി) 2011 മേയ് മാസത്തിനുശേഷം പുതുതായി കണ്ടെത്തിയ ഭൂമിയിൽ ഇതിനകം എത്ര ആദിവാസികൾക്ക് എത്ര ഹെക്ടർ ഭൂമി നൽകുകയുണ്ടായി;

(സി) ഭൂരഹിത ആദിവാസികൾ എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ; ഇവർക്കെല്ലാം നൽകാൻ ആവശ്യമായ മൊത്തം ഭൂമി എത്ര ; ആയതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>സുൽത്താൻബത്തേരി നൂൽപ്പുഴ രാജീവ്ഗാന്ധി റസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനം</u>

2302 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുൽത്താൻബത്തേരി താലൂക്കിലെ നൂൽപ്പുഴ രാജീവ് ഗാന്ധി റസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്കൂളിലെ വിദ്യാർത്ഥികൾക്ക് ശരിയായ രീതിയിൽ ഭക്ഷണം ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുട്ടികളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സ്കൂളിൽ ഹോസ്റ്റൽ വാർഡനും, മറ്റ് സ്റ്റാഫും ഇല്ലാത്തതിന് അടിയന്തിര പരിഹാരം കാണുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്ഷേമ വകുപ്പിൻ കീഴിലുള്ള റസിഡൻഷ്യൻ സ്കൂളുകൾ</u>

2303 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ കീഴിൽ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നിലവിലുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ അദ്ധ്യയനവർഷം ഈ സ്കൂളുകളിൽ ഓരോന്നിലും പത്താം തരത്തിലും പന്ത്രണ്ടാം തരത്തിലും പരീക്ഷ എഴുതിയവർ എത്രയെന്നും വിജയിച്ചവർ എത്രയെന്നും വ്യക്തമാക്കുമോ ;

(സി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിന്നും പത്താം തരത്തിലും പന്ത്രണ്ടാം തരത്തിലും എ+, എ ഗ്രേഡിൽ സമ്പൂർണ്ണമായി വിജയിച്ച എത്ര വിദ്യാർത്ഥികളുണ്ടെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ വികസന വകുപ്പ് മുഖേന ആനുകൂല്യം ലഭ്യമാക്കാന്‍ നടപടി</u>

2304 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലമ്പുഴ, ശിരുവാണി, കാഞ്ഞിരപ്പുഴ തുടങ്ങിയ ഡാമുകളില്‍ നിന്നും മത്സ്യം പിടിച്ച് ഉപജീവനം നടത്തിവരുന്ന പട്ടികവര്‍ഗ്ഗക്കാര്‍ക്ക്, ഫിഷറീസ് വകുപ്പ് മുഖേന രൂപീകരിച്ചിട്ടുള്ള സൊസൈറ്റികളില്‍ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങള്‍ അപര്യാപ്തമാണെന്ന ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവില്‍ നല്‍കിവരുന്നത്;

(സി) ഇവര്‍ക്ക് കൂടുതല്‍ ആനുകൂല്യങ്ങള്‍ പട്ടികവര്‍ഗ്ഗവികസന വകുപ്പ് മുഖേന നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കില്‍ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ആദിവാസി കോളനികളിലെ മഞ്ഞപ്പിത്ത രോഗം</u>

2305 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ആദിവാസികോളനികളിൽ പടർന്ന മഞ്ഞപ്പിത്തരോഗം ബാധിച്ച ആദിവാസികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് ചികിത്സാ സഹായം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) രോഗം തടയുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിനോട് ചേർന്ന് ആരോഗ്യവകുപ്പ് നടപ്പാക്കിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>വയനാട്ടിലെ ആദിവാസികളുടെ വികസനവും</u>
<u>പുനരധിവാസവും</u>

2306 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ആദിവാസികളുടെ വികസനവും പുനരധിവാസവും ജില്ലയുടെ പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമാക്കി തയ്യാറാക്കിയ 1532 കോടിരൂപയുടെ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്ക് ജാപ്പനീസ് സഹായം ലഭ്യമാക്കാൻ കേന്ദ്ര ധനവകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ജാപ്പനീസ് സഹായത്തോടെ എന്ന് മുതൽ പദ്ധതി നടപ്പാക്കാനാകും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

പറമ്പിക്കുളത്തെ ആദിവാസികളുടെ ജീവിത നിലവാരം

2307 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളത്തെ ആദിവാസി വിഭാഗക്കാരുടെ പഠനം, ജോലി, ചികിത്സ എന്നിവയ്ക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസി വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി പറമ്പിക്കുളത്ത് എന്തെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>നാദാപുരം മണ്ഡലത്തിലെ എസ്.ടി. കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം</u>

2308 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ എത്ര എസ്. ടി കോളനികൾ ഉണ്ട് എന്നും അവിടെ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വെളളം വൈദ്യുതി എന്നിവ ലഭ്യമാണോ;

(സി) ഇല്ലെങ്കിൽ ഇവ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>തളിപ്പറമ്പ് മണ്ഡലത്തിലെ പട്ടികവര്‍ഗ്ഗ വികസന പദ്ധതികള്‍</u>

2309 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തളിപ്പറമ്പ് നിയോജക മണ്ഡലത്തില്‍ എത്ര പട്ടികവര്‍ഗ്ഗ കോളനികളുണ്ടെന്നും ആകെ എത്ര പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ടവരുണ്ടെന്നും അറിയിക്കാമോ;

(ബി) പട്ടികവര്‍ഗ്ഗ വികസനവുമായി ബന്ധപ്പെട്ട എന്തെല്ലാം പദ്ധതികളാണ് നിലവില്‍ മണ്ഡലത്തില്‍ നടന്നുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കോളനിയിലെ കുടിവെള്ള പ്രശ്നവും കമ്മ്യൂണിറ്റി ഹാളും</u>

2310 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ മണ്ഡലത്തിലെ പഴംപള്ളം ആദിവാസി കോളനിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഒല്ലൂർ മണ്ഡലത്തിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗക്കാർക്കുള്ള കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് നപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ യുവജന നയം</u>

2311 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ വാഗ്ദാനം നൽകുന്ന ഒരു സമ്പൂർണ്ണ യുവജനനയം പ്രഖ്യാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) പുതിയ യുവജനനയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; യുവജന നയത്തിന്റെ കരട് തയ്യാറായിട്ടുണ്ടോ;

(സി) കരട് നയം മന്ത്രിസഭ അംഗീകരിക്കുകയുണ്ടായോ; എങ്കിൽ അത് വെബ്സൈറ്റിലൂടെ പ്രസിദ്ധപ്പെടുത്തുമോ; ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കുമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്ന് സമ്പൂർണ്ണ യുവജന നയം പ്രഖ്യപിക്കാനാകും എന്നാണ് കരുതുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കർമ്മ പരിപാടി</u>

2312 ശ്രീ. വി. ഡി. സതീശൻ
'' സി. പി. മുഹമ്മദ്
'' കെ. അച്ചുതൻ
'' എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഇതിനായി യുവജന നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) യുവജന നയം നടപ്പാക്കുന്നതിന് മുൻപ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

യുവജനങ്ങൾക്ക് പരീക്ഷാ പരിശീലനം നൽകുന്ന പദ്ധതികൾ

2313 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്ക് കരിയർ ഗൈഡൻസ്, ഉന്നത പരീക്ഷാ പരിശീലനം എന്നിവ നൽകുന്നതിന് സ്വീകരിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) വൈപ്പിൻ മണ്ഡലത്തിൽ ഇവയിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

കാഴ്ചബംഗ്ലാവുകളും മൃഗശാലകളും നവീകരിക്കാൻ പദ്ധതി

2314 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം കാഴ്ചബംഗ്ലാവുകളാണ് ഉള്ളത് എന്നും ഇവിടെ ഓരോ സ്ഥലത്തും എന്തെല്ലാം കാര്യങ്ങളാണ് ഉള്ളത് എന്നും വിശദമാക്കുമോ ;

(ബി) ഓരോ മൃഗശാലയിലും ഏതെല്ലാം മൃഗങ്ങളും പക്ഷികളുമാണ് ഉള്ളത് എന്നും അവ ഓരോന്നും എത്ര വീതം ഉണ്ടെന്നും വിശദമാക്കുമോ ;

(സി) കാഴ്ചബംഗ്ലാവും മൃഗശാലയും സന്ദർശിക്കുന്നവരുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചു വരുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) കാഴ്ചബംഗ്ലാവുകളും മൃഗശാലകളും കൂടുതൽ ആകർഷകമാക്കാനും നവീകരിക്കാനും ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരം - മൃഗശാലയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി</u>

2315 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ 2011 മെയ് മുതൽ എത്ര മൃഗങ്ങൾക്കും പക്ഷികൾക്കുമാണ് ജീവഹാനി ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവിടെ 'കേന്ദ്ര സൂ അതോറിറ്റി' അംഗീകരിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായാണോ പക്ഷികളുടെയും മൃഗങ്ങളുടെയും കൂടുകൾ നിർമ്മിച്ചിട്ടുള്ളത്;

(സി) അല്ലെങ്കിൽ ആ നിലവാരത്തിലേക്ക് കൂടുകളും മറ്റ് സൗകര്യങ്ങളും മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പുത്തൂർ മൃഗശാല നവീകരണം</u>

2316 ശ്രീ. എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ആധുനിക മൃഗശാല സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) തൃശ്ശൂർ പുത്തൂരിൽ സ്ഥാപിക്കുന്ന പ്രസ്തുത മൃഗശാലയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്;

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ മൃഗശാലയുടെ നവീകരണം</u>

2317 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മൃഗശാലയുടെ നവീകരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) തൃശ്ശൂർ മൃഗശാലാ വികസനം ഏതു ഘട്ടത്തിലാണ്;

(സി) തൃശ്ശൂർ മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?